10/01/22

DESPATCHED
On...21/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 310*(7)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **2081**/*എസ്.ഐ.സി–ജി 6/15*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.എം.വി.ഉണ്ണികൃഷ്ണൻ,
മീത്തലെ വളപ്പിൽ വീട്,
എടക്കാട് പി.ഒ., കണ്ണൂർ,
പിൻ – 670 663.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ,
ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്,
കണ്ണൂർ.

2. അപ്പീൽ അധികാരി&
മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ,
മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, സിവിൽ സ്റ്റേഷൻ പി.ഒ.,
കോഴിക്കോട് – 20.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17.12.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.12.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 29.01.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03.03.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 05.02.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 07.02.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.12.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.വി.ഉണ്ണിക്കൃഷ്ണൻ, 05.02.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 07.02.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.310(7)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 17.12.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 23.12.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

09.12.14ലെ ടിയാന്റെ അപേക്ഷ പരിശോധിച്ചതിൽ,

1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുമ്പോൾ എസ്.എസ്. എൽ.സി. ബുക്കിന്റെ പകർപ്പ് ആവശ്യപ്പെടാറില്ലെന്നും കൂടാതെ സർട്ടിഫിക്കറ്റിന്റെ നമ്പർ/രജിസ്റ്റർ നമ്പർ എന്നിവ ടി ഓഫീസിലെ രജിസ്ട്രേഷൻ രേഖകളിൽ ഉൾപ്പെടുത്താറില്ലെന്നും രജിസ്റ്റർ നമ്പർ, എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ് എന്നിവ ലഭ്യമല്ലാത്തതിനാൽ നൽകുവാൻ സാധ്യമല്ലെന്നുമാണ്.

2) മേൽപ്പടി വിവരങ്ങൾ നൽകാൻ സാധിക്കാത്തതിനാലാണ് മണി ഓർഡർ തിരിച്ചയച്ചതെന്നും

3) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ പേര്: ശ്രീ.സി.വി.വൽസൻ,

ശമ്പളം: 60,795/-, യോഗ്യത: എസ്.എസ്.എൽ.സി. ആണെന്നുമാണ് അറിയിച്ചത്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിൽ ഫയലിൽ സ്വീകരിച്ച് എതിർകക്ഷിയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. ടിയാന്റെ അപേക്ഷ വിശദമായി പരിശോധിച്ചതിൽ എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ തൃപ്തനാകാതെ ഹർജിക്കാരൻ അപ്പീൽ അധികാരിയായ കോഴിക്കോട് മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും ടി അപ്പീൽ ഹർജിയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടതനുസരിച്ച് 08.01.2015ന്

എസ്.പി.ഐ.ഒ. അപ്പീൽ അധികാരി മുമ്പാകെ വിശദമായ റിപ്പോർട്ട് സമർപ്പിച്ചു. ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് നിയമാനുസൃതം സമയപരിധി പാലിച്ചു കൊണ്ട് മറുപടി നൽകിയിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട എസ്.എസ്. എൽ.സി. ബുക്കിന്റെ പകർപ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടി ഉദ്യോഗാർത്ഥികളിൽ നിന്നും ശേഖരിക്കാറില്ലെന്നും പകരം അസ്സൽ രേഖകൾ പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഓഫീസ് രേഖകളിൽ ചേർക്കുകയാണ് ചെയ്തുവരുന്നതെന്നും എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നമ്പരോ രജിസ്റ്റർ നമ്പറോ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ രേഖയിൽ ചേർത്തു വെക്കേണ്ടതില്ലെന്നും ഇക്കാരണത്താലാണ് പകർപ്പ് അനുവദിക്കുന്നതിനായി അപ്പീൽ ഹർജിക്കാരനയച്ചുകൊടുത്ത മണി ഓർഡർ തിരിച്ചയക്കാനിടയായതെന്ന എസ്.പി.ഐ.ഒയുടെ വാദം വസ്തുതാപരമാണെന്നും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ പേര്, ശമ്പളം, യോഗ്യത തുടങ്ങിയ വിവരങ്ങൾ നേരത്തേതന്നെ അപ്പീൽ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നുമാണ്. അപ്പീൽ ഹർജിക്കാരന്റെ എസ്.എസ്.എൽ. സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് രജിസ്ട്രേഷൻ രേഖയോടൊപ്പം സൂക്ഷിച്ചിട്ടില്ലാത്ത തിനാലും പകർപ്പ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ അനുവദിക്കാൻ നിർവ്വാഹമില്ലെന്ന തിന്റെ അടിസ്ഥാനത്തിലും ടി അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു എന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയി ട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിക്കാത്തതിനെ തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും 03.03.2015ലെ റിപ്പോർട്ടും പരിശോധിച്ചതിൽ പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2022 ജനുവരി 10–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM